ആഗസ്റ്റ്
2021
ലക്കം 8

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആശംസകൾ

www.malankaralibrary.com

ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ രണ്ടു പതിറ്റാണ്ട് പൂർത്തിയാക്കിയ



മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്
കാതോലിക്കാബാവായ്ക്ക് പ്രാർത്ഥനാശംസകൾ

www.malankaralibrary.com

# എഡിറ്റോറിയൽ



**ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെ നാമം പരിശുദ്ധമാണ്.**
**(ലൂക്കാ 1 : 49)**

പരിശുദ്ധ ദൈവമാതാവിന്റെ ശൂനോയോ പെരുനാളിനായി നാം പ്രാർത്ഥനയോടെ നോമ്പനുഷ്ഠിക്കുന്ന സമയമാണല്ലോ ഇത്. പരിശുദ്ധ ദൈവ മാതാവ് ആത്മശരീരങ്ങളോടെ സ്വർഗത്തിലേക്ക് വാങ്ങിപ്പോയി എന്നതാണ് ഈ പെരുനാളിന്റെ അടിസ്ഥാനമായുള്ള വിശ്വാസ സത്യം. ദൈവപുത്രന് ജന്മം നൽകുവാൻ ദൈവം തിരഞ്ഞെടുത്ത പരിശുദ്ധ അമ്മയുടെ ശരീരം ജീർണ്ണി ക്കുവാൻ ദൈവം ഇടയാക്കിയില്ല എന്നതാണ് നമ്മുടെ പാരമ്പര്യത്തിലൂടെ നാം മനസിലാക്കുന്നത്.

സ്വർഗീയ യേറുശലേമിനെ ലക്ഷ്യം വച്ച് ഈ ഭൂമിയിൽ തീർത്ഥാടന യാത്രയിലായിരിക്കുന്ന നാം ഓരോരുത്തരുടെയും ജീവിതത്തിന്റെ പരമപ്ര ധാനമായ ലക്ഷ്യം പരിശുദ്ധ അമ്മ കൈവരിച്ച ഈ ഔന്നത്യത്തിലേക്ക് നട ന്നടുക്കുക എന്നതാണ്. കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിൽ ആത്മ ശരീരങ്ങളോടെ ഉയർത്തെഴുന്നേൽക്കും എന്ന വലിയ വിശ്വാസമാണല്ലോ നമ്മെയും ഈ ലോകത്തിൽ മുമ്പോട്ടു നയിക്കുക.

ആഗസ്റ്റ് മാസത്തിൽ ഇടവക വൈദീകരുടെ മദ്ധ്യസ്ഥനായ ആഴ്സിലെ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ പരിശുദ്ധ സഭ ആഘോഷി ക്കുന്നു. സഭയ്ക്കും സമൂഹത്തിനും വേണ്ടി തങ്ങളെതന്നെ സമർപ്പിച്ചിരിക്കുന്ന നമ്മുടെ വൈദിക സഹോദരങ്ങളെ പ്രാർത്ഥനയിലൂടെ ബലപ്പെടുത്താൻ നമുക്കോരോരുത്തർക്കും കടമയുണ്ട്. പൗരോഹിത്യത്തെ ഇകഴ്ത്തി കാണി ക്കുന്ന, ചോദ്യം ചെയ്യുന്ന ഒരു സംസ്ക്കാരം പ്രബലപ്പെട്ടു വരുമ്പോൾ നമ്മുടെ വൈദികർക്കായി പ്രാർത്ഥനയോടെ മുട്ടുകൾ മടക്കാൻ നമുക്ക് സാധിക്കണം. അതുവഴി സഭയുടെ കെട്ടുപണിയിൽ പങ്കാളികളാ കുവാനും നമുക്ക് പരി ശ്രമിക്കാം.

**ജിനു ജോർജ്ജ്**

*എം.സി.വൈ.എം. ജനറൽ സെക്രട്ടറി*
*ചീഫ് എഡിറ്റർ*

www.malankaralibrary.com



ദിവ്യസന്ദേശം ശ്രവിച്ച് ദൈവീകാഹ്വാന പ്രകാരം ഈശോയെ വഹിച്ച ഉദരത്തിന്റെ മഹനീയത ഏറ്റവും വിശിഷ്ടമായി വെളിവാക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിശ്വാസത്തിന്റെ ദിനങ്ങളിലൂടെയും മഹത്വത്തിന്റെ കാലങ്ങളിലൂടെയും ലോകം പ്രദക്ഷിണം നടത്തിക്കൊണ്ടിരിക്കുമ്പോൾ, ഭാരതം വീണ്ടുമൊരു സ്വാതന്ത്ര്യ ദിനത്തിന് ത്രിവർണ്ണപതാകയേറുകയാണ്. ത്യാഗമാർഗത്തിലൂടെ സ്നേഹപൂർണത നേടുവാൻ ദൈവതിരുമുമ്പാകെ സ്വയം പ്രതിഷ്ഠിക്കപ്പെട്ട നിത്യകന്യകയുടെ, വിലയിടാനാകാത്ത മാതൃവാത്സല്യത്തിൽ സുരക്ഷിതത്വം കണ്ടെത്തുവാൻ സഭയൊന്നാകെ പരിശുദ്ധമായ ഈ ദിവസങ്ങളിലൂടെ കടന്നു പോകുമ്പോൾ അദ്ധ്യാത്മിക നവീകരണത്തിനായി വിളിക്കപ്പെട്ട നിമിഷങ്ങളാണിതെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അമ്മക്കിളിയുടെ ചൂരും ചൂടുമറിഞ്ഞു വാനിലുയർന്നു പാറിപറക്കുന്നതുപോലെ, പരിശുദ്ധ അമ്മയുടെ അക്ഷയനിധിയാകുന്ന സ്നേഹചുംബനങ്ങളിൽ നിന്നും ജീവിതത്തിന്റെ ചൂടും ചൂരുമറിയുവാൻ കെൽപുള്ളവരായി നമ്മൾ മാറേണ്ട സമയം കൂടിയാണിത്.

ലാളിത്യത്തിനും ദൈവോന്മുഖതയ്ക്കും പ്രാധാന്യം നൽകിയ പരിശുദ്ധ അമ്മയുടെ സാരാംശപരമായ സ്വഭാവം കണ്ണുനീരായി ഒഴുകിയിറങ്ങിയത് മരക്കുരിശിന് കീഴിലാണെന്ന ബോധ്യമുൾക്കൊള്ളുമ്പോഴാണ് അതിന്റെ തീവ്രതയോടുകൂടി ആ അമ്മയിലേയ്ക്ക് ചായുകയെന്ന അനുഭവം നമുക്ക് സാധ്യമാകുന്നത്. ഓരോ വിശ്വാസിക്കും മൗലികമായി ലഭിച്ചിരിക്കുന്ന അവകാശമാണ് പരിശുദ്ധ അമ്മയെന്ന സ്നേഹത്തണൽ. തന്റെ യൗവനത്തിലുടനീളം അമ്മയെ ചേർത്ത് പിടിച്ച കരങ്ങളിലൂടെ ഈശോ പല അർത്ഥതലങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്. പ്രാർത്ഥനയിലും ജീവിതത്തിലും നിത്യപിതാവിനോട് ഐക്യപ്പെട്ടിരിക്കുന്ന അവന്റെ നന്മകളുടെ ഉറവിടവും അമ്മ തന്നെയാണെന്നതിൽ തർക്കമില്ലാത്തിടത്തോളം, നമ്മുടെ ആന്തരിക ശ്രദ്ധയെ സ്ത്രീകളിൽ ധന്യയായ കന്യകയിലേയ്ക്ക് ഉൾച്ചേർക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ആത്മബലി പൂർത്തിയാക്കുവാൻ അവനു ജന്മം നൽകിയ അവന്റെ പെറ്റമ്മയെ ലോകത്തിനു തന്നുവെങ്കിൽ ആ മാതൃവാത്സല്യത്തിന്റെ തുടർച്ചയാണ് ഓരോ മണി ജപമാലയിലും കൂട്ടിക്കെട്ടപ്പെട്ടിരിക്കുന്നത്.

തന്റെ യൗവനത്തെ ദൈവത്തിനു നൽകി, ദൈവപുത്രനു ജന്മം നൽകി, നൊന്തുപ്രസവിച്ച ചോരയുടെ അംശത്തെ ബലിക്കുഞ്ഞാടായി വിട്ടുനൽകിയ, ആ അമ്മയുടെ വാത്സല്യത്തണലിലേയ്ക്ക് ഓടിയോളിക്കുവാൻ ഈ ദിനങ്ങളിൽ നമുക്ക് പരിശ്രമിക്കാം. ചങ്കു നീറിക്കരഞ്ഞുകൊണ്ട് അവന്റെ മുള്ളാണികളാൽ അടിച്ചുതുളയ്ക്കപ്പെട്ട പാദങ്ങളിലേയ്ക്ക് ചാഞ്ഞുകരഞ്ഞ ആ അമ്മയുടെ ഉള്ളിലെ ത്യാഗത്തിന്റെ പിടച്ചിൽ രക്ഷയുടെ പൂർത്തീകരണത്തിനായി ബലി നല്കപ്പെട്ടുവെന്നത് കണ്ണുനീരിൽ കുതിർന്ന യഥാർഥ്യമാണ്. ഈ യാഥാർഥ്യബോധ്യത്തിൽ നിന്നുമായിരിക്കട്ടെ ഇനിയുള്ള നമ്മുടെ ജീവിതം.

അടിസ്ഥാന ധർമമാകുന്ന വിശ്വാസത്തിന്റെ വേരുകളിലേയ്ക്ക് ഊർന്നിറങ്ങി അമ്മയോടൊപ്പമായിരിക്കുവാനും, കർത്തവ്യബോധത്തിന്റെ വീര്യം ദേശീയതയിലൂടെ ആവാഹിച്ചുകൊണ്ട് സഭയിൽ നിന്നും സമൂഹത്തിലേയ്ക്ക് വെളിച്ചം പകരുവാനും നമുക്ക്, നമ്മൾ യുവജനങ്ങൾക്ക് പരിശ്രമിക്കാം...

**ജിത്ത് ജോൺ ഫ്രാൻസിസ്**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com



# സ്വർഗ്ഗത്തെ സ്വന്തമാക്കിയ പരിശുദ്ധ അമ്മ



**സിസ്റ്റർ സലീന മാത്യു ഡി. എം.**
ബത്തേരി ഭദ്രാസനം

**അ**മ്മയെ സ്നേഹിക്കുന്ന അല്ലെങ്കിൽ സ്നേഹിക്കുന്നതിൽ അഭിമാനിക്കുന്ന ഓരോ ഭാരതീയ കത്തോലിക്കാ വിശ്വാസിയുടെയും ഹൃദയ ഫലകങ്ങളിൽ തങ്കലിപികളാൽ കോറിയിടേണ്ട പുണ്യദിനമാണ് ഓഗസ്റ്റ് 15. ഈ പുണ്യദിനത്തിന്റെ പൊൻപുലരിയെ ഓരോ വിശ്വാസിയും തൊട്ടുണർത്തുന്നത് ജീവിതത്തിൽ എന്നും നെഞ്ചോടു ചേർത്ത് പിടിക്കേണ്ട രണ്ട് അമ്മമാരെ സ്മരിച്ചുകൊണ്ടുള്ള ധ്യാനാത്മക ചിന്തകളുമായാണ്. ഈ പുണ്യ ദിനത്തിന്റെ ചിന്തകളെ ചിന്തോദ്ദീപകമാക്കുന്ന ഈ രണ്ടു അമ്മമാർ, ദൈവ പുത്രനായ യേശുക്രിസ്തുവിന്റെ പരിശുദ്ധ അമ്മയും അടിമത്വത്തിൽ നിന്ന് സ്വാന്ത്ര്യത്തിലേക്കു കൊണ്ടു വന്ന ഭാരതാംബികയുമാണ്.

അമേരിക്ക കണ്ടുപിടിച്ച സാഹസികനായ ക്രിസ്റ്റഫർ കൊളംബസ് ലോക പര്യടനം തുടങ്ങുന്ന സമയത്തു സ്പെയിനിലെ ഒരു കടൽത്തീരത്തു ഒരു എഴുത്തു പലകയിൽ ഇപ്രകാരം എഴുതിയിരിക്കുന്നതായി വായിച്ചു: 'ഈ കടലിനപ്പുറം ഒരു ലോകമില്ല'. യാത്ര കഴിഞ്ഞു വന്നപ്പോൾ കൊളമ്പസും കൂട്ടരും ആ ബോർഡ് ഇപ്രകാരം തിരുത്തി, 'ഇതിനപ്പുറവും മറ്റു ലോകങ്ങൾ ഉണ്ട്'. ഈ ലോകത്തിനപ്പുറവും മറ്റൊരു സ്വർഗീയ ജീവിതം ഉണ്ടെന്ന് നമ്മെ ഓർമപ്പെടുത്തുന്ന പഠിപ്പിക്കുന്ന പുണ്യദിനമാണ് സ്വർഗ്ഗാരോപണ തിരുനാൾ.

Eat, drink and make merry, for tomorrow we die എന്ന് പറഞ്ഞ എപ്പികുറിയൻസ് ഒരു സാമ്രാജ്യത്തെ വെന്തുവെണ്ണീറാക്കിയതിന് ചരിത്രം സാക്ഷി. ആസ്വാദനത്തിന്റെ സ്വർഗ്ഗങ്ങൾ മനസ്സിൽ സൃഷ്ടിക്കുന്ന ഭൂരിപക്ഷമായ ഒരു ലോകത്തിലാണ് നമ്മൾ

ഇന്ന്. ഇവിടെയാണ് സ്വർഗാരോപണ തിരുനാളിന്റെ പ്രസക്തി. ഉണ്ടും ഉറങ്ങിയും ആസ്വാദന വഴികളിൽ നടന്നു തീർന്നു പോകേണ്ടതല്ല നമ്മുടെ ജീവിതങ്ങൾ എന്ന് ഈ തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നു. കല്ലറകളിൽ തീരേണ്ടതാണ് നമ്മൾ എങ്കിൽ മൃഗങ്ങളും മനുഷ്യരും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്. ദൈവസാന്നിധ്യത്തിന്റെ സ്വർഗ്ഗീയ സന്തോഷം നമ്മെ കാത്തിരിക്കുന്നു എന്നല്ലേ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം നമ്മെ ഓർമ്മപ്പെടുത്തുന്നത്. പോരാടി ജന്തുക്കളെപ്പോലെ കാലം കഴിക്കേണ്ടവരല്ല നമ്മൾ. നന്മ നിറഞ്ഞ ജീവിതങ്ങളെ കാത്ത് സ്വർഗ്ഗത്തിൽ മഹിമയുടെ കിരീടങ്ങൾ ഉണ്ട് എന്ന് ഓർമപ്പെടുത്തുന്ന ദിനമാണത്. പരിശുദ്ധ അമ്മയുടെ ജീവിതത്തെ സാക്ഷി നിർത്തി സ്വർഗ്ഗം ഒരു യാഥാർത്ഥ്യമാണ് എന്ന് ഒന്നുകൂടി ഊട്ടിയുറപ്പിക്കുന്ന പുണ്യദിനമാണ് സ്വർഗ്ഗാരോപണ തിരുനാൾ ദിനം .

1950 നവംബർ ഒന്നാം തീയതി പന്ത്രണ്ടാം പീയൂസ് മാർപാപ്പ 'പരമകാരുണികനായ ദൈവം' (Manufecentissimus Deus) എന്ന ചാക്രിക ലേഖനത്തിലൂടെ മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. ആ പ്രസ്താവന ഇപ്രകാരമാണ്: 'കർത്താവായ ഈശോമിശിഹായുടെയും വിശുദ്ധ അപ്പസ്തോലന്മരായ പത്രോസിന്റെയും പൗലോസിന്റെയും എന്റെ തന്നെയും അധികാരത്തോടു കൂടി ഞാൻ പ്രഖ്യാപിക്കുകയും പ്രസ്ഥാവിക്കുകയും നിർവചിക്കുകയും ചെയ്യുന്നു. അമലോത്ഭവയും, ദൈവമാതാവും, നിത്യ കന്യകയുമായ മറിയം തന്റെ ഇഹലോക ജീവിതത്തിന്റെ അവസാനം ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് സംവഹിക്കപ്പെട്ടു എന്നത് ദൈവം വെളിപ്പെടുത്തിയ വിശ്വാസ സത്യമാണെന്ന് നാം പ്രഖ്യാപിക്കുന്നു'.

എളിമയുള്ളവരെ, വിശ്വസ്തതയുള്ളവരെ സ്വർഗീയ കിരീടം അണിയിക്കുന്ന, ദൈവത്തെ സ്തുതിക്കുവാനുള്ള പുണ്യദിനമാണ് സ്വർഗ്ഗാരോപണ തിരുനാൾ ദിനം. ഒപ്പം സ്വർഗ്ഗത്തിലേക്കുള്ള വഴികളുടെ റൂട്ട് മാപ്പ് സ്വന്തമാക്കാനുള്ള ദിവസവും. അത്ഭുതം ഒന്നും ചെയ്യാത്ത മറിയം സ്വർഗ്ഗത്തിൽ പോയത് സേവനത്തിന്റെ വഴികളിൽ കൂടിയാണ്. രക്ഷകന്റെ അമ്മയാകാനുള്ള ഭാഗ്യം കിട്ടിയപ്പോൾ ആമേൻ പറഞ്ഞ് എലിസബത്തിനെ ശുശ്രൂഷിച്ചവളാണ് പരിശുദ്ധ അമ്മ. ദൈവം തരുന്ന സൗഭാഗ്യങ്ങളും സമ്പത്തും സഹജീവികൾക്ക് സേവനം ചെയ്യുവാനുള്ള അവസരങ്ങളാക്കി പ്രവർത്തിക്കുന്നവരാണ് സ്വർഗ്ഗത്തിലെ അവകാശികൾ എന്ന് ഈ പുണ്യദിനം നമ്മെ പഠിപ്പിക്കുന്നു. സ്വർഗ്ഗത്തിലെ അവകാശികളാകുവാൻ, സ്വർഗ്ഗം സ്വന്തമാക്കുവാൻ ഈ സ്വർഗ്ഗാരോപണ തിരുനാളിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം നമുക്കും പ്രാർത്ഥിക്കാം. എളിമയുള്ള മറിയത്തെ പരിശുദ്ധ മറിയമായി, തമ്പുരാന്റെ അമ്മയായി ഉയർത്തിയ പിതാവായ ദൈവം നമ്മുടെ ജീവിതങ്ങളെയും തക്ക സമയങ്ങളിൽ ഉയർത്തുമെന്ന് നമ്മൾ തിരിച്ചറിയേണ്ട ദിനമാണ് സ്വർഗ്ഗാരോപണ തിരുനാൾ ദിനം. വചനം നമ്മെ ഓർമ്മപ്പെടുത്തുന്നത് എത്രയോ സത്യമാണ്, 'നീ നിന്റെ ദൈവത്തിനു മുമ്പിൽ നിന്നെത്തന്നെ എളിമപ്പെടുത്തുവാൻ തുടങ്ങിയ നിമിഷം മുതൽ നിന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ കേൾക്കപ്പെട്ടിരിക്കുന്നു'. ഈ നല്ല ദിനത്തിൽ ദൈവം തന്ന സകല അനുഗ്രഹങ്ങൾക്കും എളിമയോടെ നമുക്ക് നന്ദി പറയാം.

ഒരു കൊച്ചു കഥ ഇപ്രകാരമാണ്. ഒരിക്കൽ നല്ലൊരു ചെരുപ്പ് ഇല്ലാത്തതിന് ഒരുവൻ പള്ളിയിൽ കയറി പരിഭവം പറഞ്ഞു പ്രാർത്ഥിച്ചു പുറത്തേക്കിറങ്ങിയപ്പോൾ രണ്ടുകാലുകളും ഇല്ലാത്ത ഭിക്ഷക്കാരനെ കണ്ട് വീണ്ടും തിരിച്ച് ദൈവത്തിന്റെ നടയിലേക്ക് ഓടി. അവൻ ഇങ്ങനെ പ്രാർത്ഥിച്ചു, 'ദൈവമേ എനിക്ക് ചെരുപ്പുകൾ വേണ്ട നീ എനിക്ക് രണ്ടു കാലുകൾ തന്നല്ലോ'. സങ്കീർത്തകനെ പോലെ പരിശുദ്ധ അമ്മയോടൊപ്പം നമുക്കും പ്രാർത്ഥിക്കാം: 'കൃതജ്ഞത ആയിരിക്കട്ടെ നീ ദൈവത്തിന് അർപ്പിക്കുന്ന ഏകബലി'.

വേദനകളുടെയും പ്രതിസന്ധികളുടെയും ഈ കാലഘട്ടത്തിൽ പരിശുദ്ധ അമ്മയോടുള്ള മാതൃഭക്തി നമുക്ക് ആശ്വാസം നൽകട്ടെ. 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു: ദൈവമാതാവിന്റെ ബഹുമാനാർത്ഥം നിരവധി ഭക്തിമുറകൾ തിരുസഭ അംഗീകരിച്ചിട്ടുണ്ട്. അവയുടെയെല്ലാം ലക്ഷ്യം മാതാവ് വണങ്ങപ്പെടുന്നതോടുകൂടി പുത്രൻ ശരിയായി അറിയപ്പെടുകയും, സ്നേഹിക്കപ്പെടുകയും, മഹത്വീകരിക്കപ്പെടുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യുക എന്നതാണ് (LG 66)'. അപ്രകാരം മറിയം ബഹുമാനിക്കപ്പെടുന്നതോടൊപ്പം യേശുവും മനുഷ്യഹൃദയങ്ങളിൽ ആരാധിക്കപ്പെടുന്നു. മറിയത്തെപോലെ പൂർണ്ണമായും ദൈവത്തിന് സമർപ്പിക്കുവാനും പരിശുദ്ധരായിരിക്കുവാനും മഹത്വീകരിക്കപ്പെടുവാനും മറിയത്തിന്റെ നിരന്തരമായ മാധ്യസ്ഥം നമ്മെ സഹായിക്കട്ടെ.



# സന്യാസം


**മനുജ എം. എസ്.**
പാറശ്ശാല ഭദ്രാസനം

ഭൂമിയിലെ സ്നേഹത്തിന്റെ മുറിപ്പാടുകളുമായി സ്വർഗ്ഗപിതാവിന്റെ സ്നേഹത്തിലേക്ക് തിരിച്ചെത്തിയ യേശുവിനോട് നുണക്കുഴികളുള്ള ഒരു കുഞ്ഞു മാലാഖ ചോദിച്ചു, 'നിനക്കിപ്പോൾ ഏതാണ് കൂടുതലിഷ്ടം സ്വർഗ്ഗമോ, ഭൂമിയോ?' അവൻ പറഞ്ഞു, 'സ്വർഗ്ഗമായ ഭൂമി'. ഭൂമിയെ സ്വർഗ്ഗമാക്കുക എന്നത് അവന്റെ ജീവിതലക്ഷ്യമായിരുന്നു. അവൻ തന്റെ പരസ്യജീവിതം ആരംഭിക്കുന്നത് തന്നെ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. അവൻ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നതാകട്ടെ ഭൂമിയിൽ സ്വർഗ്ഗരാജ്യം വരണമേയെന്നാണ്. നൂറു മേനിയും അറുപതു മേനിയും വിളഞ്ഞ വയലിനെ കാണുമ്പോൾ അവൻ പറഞ്ഞു, 'ഇതാണ് സ്വർഗ്ഗരാജ്യം'. പാവപ്പെട്ടവരേയും ധനികരേയും ഒരുപോലെ ക്ഷണിച്ച വിരുന്നു കണ്ടപ്പോൾ അവൻ പറഞ്ഞു, 'ഇതുപോലെയാണ് സ്വർഗ്ഗരാജ്യം'. ബൈബിൾ മുഴുവൻ ഭൂമിയെ സ്വർഗ്ഗമാക്കുന്നതിനെക്കുറിച്ചാണ് സംസാരിക്കുന്നത്. മാലാഖമാരുടെ ആരോഹണാവരോഹണമുള്ള ഒരു സ്വർഗ്ഗഭൂമിയെ യാക്കോബ് സ്വപ്നം കാണുന്നുണ്ട്. ഏശയ്യായുടെ പുസ്തകത്തിലെ ചെന്നായയും ആടും ഒരുമിച്ച് കഴിയുന്ന സമാധാന രാജ്യം സ്വർഗ്ഗഭൂമിയുടെ പതിപ്പാണ്. ഭൂമിയെ സ്വർഗ്ഗമാക്കുന്നതിന് ഒരു പേര് വിളിക്കാമെങ്കിൽ അതിനെ സന്യാസം എന്ന് വിളിക്കാം.

'ഒരു കുഞ്ഞു ചെടി പോലും സന്യാസിയാണ്. നിൽക്കുന്നിടത്ത് നിന്ന് മരുഭൂമിയിലേക്ക് ഒളിച്ചോടാതെ അത് ദൈവത്തിന്റെ കൺവെട്ടത്ത് പൂത്തുലഞ്ഞ് ഭൂമിക്ക് സ്വർഗ്ഗത്തിന്റെ സുഗന്ധം പരത്തുന്നു. നീയോ?'




അതെ സന്യാസം എന്നത് ആത്മത്യാഗമാണ്. സമർപ്പണമാണ്... പങ്കുവയ്ക്കലാണ്. 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ സാർവ്വത്രിക സഭ പൗരോഹിത്യ വർഷമായി ആചരിച്ചു. വൈദികരുടെ മധ്യസ്ഥനായ ആർസിലെ വിശുദ്ധ ജോൺ മരിയ വിയാനിയുടെ നൂറ്റിയമ്പതാം ചരമ വാർഷികം പ്രമാണിച്ചാണ് പൗരോഹിത്യവർഷം ആചരിക്കു വാൻ സാർവ്വത്രിക സഭ തീരുമാനിച്ചത്. വിശുദ്ധ ജോൺ മരിയ വിയാനിയുടെ നൂറ്റിയമ്പതാം ചരമവാർഷികം പൗരോഹിത്യ വർഷമായി ആചരിക്കുമ്പോൾ ഫ്രാൻസിലെ ആർസ് എന്ന ഗ്രാമീണ ഇടവകയുടെ വികാരിയായിരുന്ന വിശുദ്ധ വിയാനിയുടെ ജീവചൈതന്യം കൂടുതൽ യുവാക്കളിൽ എത്തിക്കുവാനും പൗരോഹിത്യ തിരുസംഘം ലക്ഷ്യമിട്ടിരുന്നു. 1925 മെയ് പതിനൊന്നാം തീയതി പതിനൊന്നാം പീയൂസ് മാർപ്പാപ്പ വിശുദ്ധനായി പ്രഖ്യാപിച്ച ജോൺ വിയാനി 1786 മെയ് 8 ന് ഫ്രാൻസിലെ ലയൺസ് പട്ടണത്തിനു സമീപമുള്ള ഡാർഡിലി ഗ്രാമത്തിലാണ് ജനിച്ചത്. സെമിനാരിയിൽ പഠിക്കുന്നതിന് വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്ന അദ്ദേഹത്തെ അദ്ധ്യാപകരും സഹപാഠികളും ശുദ്ധമണ്ടനെന്ന് വിധിയെഴുതിയെങ്കിലും ഒടുവിൽ വൈദികനായി അഭിഷിക്തനായി. ആർ സിലെ ഇടവക വികാരി എന്ന നിലയിൽ അദ്ദേഹം കാഴ്ചവച്ച സേവനം അത്ഭുതമുളവാക്കുന്നതായിരുന്നു. ഏറിയ സമയവും അദ്ദേഹം കുമ്പസാരക്കൂട്ടിൽ ചെലവഴിക്കുകയും മണിക്കൂറുകളോളം പ്രാർത്ഥനയ്ക്കായി വിനിയോഗിക്കുകയും ചെയ്തു. ഉരുളക്കിഴങ്ങ് മാത്രം കഴിച്ചുകൊണ്ട് ജീവിതം നിലനിർത്തിയ അദ്ദേഹം, തന്നെ ഭരമേൽപ്പിച്ച അജഗണങ്ങളെ ദൈവവുമായി രമ്യതപ്പെടുത്തുവാൻ തന്റെ ജീവിതം ഹോമിക്കുകയാണ് ചെയ്തത്. 1859 ആഗസ്റ്റ് 4-ാം തീയതി ഫ്രഞ്ചുകാരനായ വിശുദ്ധൻ തന്റെ എഴുപത്തി മൂന്നാമത്തെ വയസ്സിൽ ഈ ലോകത്ത് നിന്ന് വിടവാങ്ങിയപ്പോൾ, ദൈവത്തിന്റെ വിശിഷ്ടമായ നന്മയെക്കുറിച്ച് ജനത്തെ പഠിപ്പിക്കുകയും സനാതനമായ നന്മയിലേക്ക് അവരെ ആകർഷിക്കുകയും ചെയ്ത നല്ലൊരു പുരോഹിതനെയാണ് ലോകത്തിന് നഷ്ടമായത്. ആഗസ്റ്റ് നാലാം തീയതി സാർവ്വത്രിക സഭ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കുന്നു. വി. ജോൺ മരിയ വിയാനിയുടെ ജീവിതവും മരണവും 150 വർഷങ്ങൾക്കുശേഷവും പൗരോഹിത്യ വർഷമായി പുനർജ്ജനിക്കുന്നു. പുരോഹിതർക്കായുള്ള ഒരു സംഘത്തിന്റെ പ്രത്യേക യോഗത്തിൽ വച്ച് 2009 മാർച്ച് 16-ാം തീയതിയാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ, സാർവത്രിക സഭ പൗരോഹിത്യവർഷം ആചരിക്കുന്നതിനെക്കുറിച്ച് പ്രഖ്യാപിച്ചത്. 'ക്രിസ്തുവിന്റെ വിശ്വസ്തതയും പുരോഹിതരുടെ വിശ്വസ്തതയും'(Faithfulness of Christ, Faithfulness of Priests) എന്ന ആപ്തവാക്യമാണ് പൗരോഹിത്യ വർഷാചരണത്തിനായി സഭ തിരഞ്ഞെടുത്തിരുന്നത്. പൗരോഹിത്യത്തിന്റെ പ്രഭവസ്ഥാനം, അന്ത:സത്ത, ഇന്നത്തെ ലോകത്തിൽ അതിനുള്ള പ്രസക്തി, തുടങ്ങിയ കാര്യങ്ങൾ പുനഃപ്രകാശനം ചെയ്യേണ്ടതുണ്ട്. ഇവ കൂടാതെ ഇന്ന് പൗരോഹിത്യം ജീവിക്കുന്ന രീതിയെക്കുറിച്ചുള്ള വൈവിധ്യമാർന്ന നിരീക്ഷണങ്ങളും ഈ വിഷയത്തിന് ശക്തി പ്രദാനം ചെയ്തിരുന്നു. 1990-ൽ തന്നെ പരിശുദ്ധ പിതാവ് കത്തോലിക്കാ പൗരോഹിത്യത്തിന്റെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് ഏവരുടെയും കണ്ണുതുറപ്പിക്കുന്ന ഒരു നിരീക്ഷണം നടത്തിയിരുന്നു. അദ്ദേഹം പറഞ്ഞു : "രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം കത്തോലിക്കാ പൗരോഹിത്യത്തിന്റെ



പ്രതിഛരായ ആപൽസന്ധിയിൽപ്പെട്ടിരിക്കുന്നു. സൂന ഹദോസിനുശേഷം, നമ്മുടെ വികാരങ്ങളെ മുറിപ്പെടു ത്തുന്ന നിരീക്ഷണങ്ങൾ കൂടിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ വൈദികന്റെ ആത്മബോധവും ജീവിത ശൈലിയും നേരിടുന്ന പ്രതിസന്ധി ഒറ്റയ്ക്കൊരു കാരണത്തിൽ ഒതുക്കാനാകില്ല. പൗരോഹിത്യത്തോ ടുള്ള പുതിയ സമീപനങ്ങളും ദൈവശാസ്ത്രവും, പുരോഹിതരുടെ മനോഭാവങ്ങൾ, മാറിക്കൊണ്ടിരി ക്കുന്ന സാമൂഹികവും സഭാപരവുമായ ഘടനകൾ, സഭയ്ക്കകത്തും പുറത്തുമുള്ള മനുഷ്യരുടെ പ്രതീ ക്ഷകൾ, എന്നിങ്ങനെ ഒട്ടേറെ കാരണങ്ങളുടെ ഒരു കൂമ്പാരം തന്നെയുണ്ട് ഈ പ്രതിസന്ധിക്ക് പിന്നിൽ. പൗരോഹിത്യത്തിന്റെ ഉല്പത്തിയും അനുഷ്ഠാനവും നാം വില കുറച്ച് കാണുന്നില്ല എങ്കിലും സഭയിൽ ഓരോ വൈദികനും ഈ വിഷയത്തെ വളരെ ഗൗരവപൂർ ണ്ണമായി പരിഗണിക്കാനുള്ള സമുചിതമായ അവ സരം ഇതുതന്നെയാണ്. യേശു ഇന്നലെയും ഇന്നും നാളെയും ഒന്ന് തന്നെ. പൗരോഹിത്യം നിത്യപുരോ ഹിതനായ യേശുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കുപറ്റലാണ്".

'ഒരു മാലാഖയെയും വൈദികനെയും ഒരുമിച്ചു കണ്ടാൽ ഞാൻ ആദ്യം അഭിവാദനം ചെയ്യുക വൈദി കനെയായിരിക്കും. കാരണം, വൈദികൻ ദൈവത്തിന്റെ പകരക്കാരനും മാലാഖ ദൈവത്തിന്റെ സുഹൃത്തുമാണ്'. ഇതു പറഞ്ഞത് ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയാണ്. പുരോഹിതർ മറ്റൊരു ക്രിസ്തുവാകാൻ വിളിക്കപ്പെട്ട വരാണ്. ഒരേസമയം ബലിയർപ്പകനും ബലിവസ്തു വുമായി മാറിയ മഹാപുരോഹിതനായ ക്രിസ്തു വിന്റെ ജീവിതം ആവർത്തിക്കാൻ വിളിക്കപ്പെട്ടവ രാണ് പുരോഹിതർ. സ്വർഗ്ഗത്തിലേക്ക് കടന്നുപോയ ശ്രേഷ്ഠനായ ഒരു പ്രധാനപുരോഹിതൻ, ദൈവ പുത്രനായ യേശു, നമുക്കുള്ളതുകൊണ്ട് നമ്മുടെ വിശ്വാസത്തെ നമുക്ക് മുറുകെ പിടിക്കാം. 'നമ്മുടെ ബലഹീനതകളിൽ നമ്മോട് സഹതപിക്കാൻ കഴി യാത്ത ഒരു പ്രധാന പുരോഹിതനല്ല നമുക്കുള്ളത്; പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാക്കാര്യങ്ങളിലും നമ്മെപ്പോലെ തന്നെ പരീക്ഷി ക്കപ്പെട്ട വനാണ് അവൻ' (ഹെബ്രായർ 4:14-15).

പുരോഹിതൻ വിശേഷിപ്പിക്കപ്പെടുന്നത് 'പൊന്തിഫെക്സ്' എന്നാണ്. പാലം പണിയുന്നവൻ എന്നാണിതിനർത്ഥം. ദൈവത്തിനും മനുഷ്യർക്കു മിടയിലെ പാലമാകാൻ വിളിക്കപ്പെട്ടവനാണ് പുരോഹിതൻ. ദൈവജനത്തിന്റെ ആരാധനയിൽ പ്രധാനിയായിരിക്കുകയും ജനത്തിന്റെ സങ്കടങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ അവരിലേക്ക് പകരുകയും



ചെയ്യുക എന്ന ദൗത്യം പുരോഹിതനിൽ നിക്ഷിപ്ത മാണ്. ദൈവത്തിനും മനുഷ്യർക്കുമിടയിൽ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ ക്രിസ്തു ഏക മധ്യസ്ഥനായതുപോലെ പുരോഹിതനും ആ വിളി പിന്തുടരാൻ വിളിക്കപ്പെട്ടവനാണ്. 'എന്തെന്നാൽ ഒരു ദൈവമേയുള്ളൂ ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ, മനുഷ്യനായ യേശുക്രിസ്തു' (1 തിമോത്തിയോസ് 2:5).

ദൈവവിളികളാൽ സമ്പന്നമായ കത്തോലിക്കാ സഭ സാർവ്വത്രികസഭയ്ക്ക് നൽകിയിട്ടുള്ള ഏറ്റവും മഹത്തരമായ സംഭാവന സഭയുടെ മക്കളായ അന വധി പുരോഹിതരുടെ സേവനമാണ്. കത്തോലിക്കാ സഭയിൽ പൗരോഹിത്യ ദൈവവിളിയിൽ കുറ വുണ്ടായിട്ടില്ലെങ്കിലും കഴിഞ്ഞകാലങ്ങളിൽ ഉണ്ടായി ട്ടുള്ളതുപോലെയുള്ള ഉണർവ് ഇപ്പോൾ പ്രകടമല്ല. സാർവ്വത്രിക സഭയുടെ പൗരോഹിത്യ വർഷാചരണ ങ്ങളും അതിനോടനുബന്ധിച്ചുള്ള വിശുദ്ധരുടെ തിരുനാൾ ആഘോഷങ്ങളും, ദൈവവിളി വർദ്ധന വിനും പൗരോഹിത്യ ജീവിത നവീകരണത്തിനുമുള്ള വലിയ അവസരങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്. ജീവിത കാലഘട്ടങ്ങളിൽ 43 വർഷം വിശുദ്ധനായ പുരോഹി തനായി സാധാരണക്കാരും പാവപ്പെട്ടവരും തെമ്മാ ടികളുമായ തന്റെ അജഗണത്തിന്റെ ഇടയിൽ ജീവിച്ച ആർസിലെ വിശുദ്ധ ജോൺ മരിയ വിയാനിയെപ്പോ ലുള്ള പുരോഹിതരെ കത്തോലിക്കാ സഭയ്ക്ക് രൂപപ്പെടുത്താൻ സാധിക്കുന്ന ഒരു കാലഘട്ടമായി, ഇത്തരം പൗരോഹിത്യാചരണങ്ങളെ മാറ്റാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.



# പ്രത്യാശയുടെ മൺചിരാത് – വി. മോനിക്കാ

**സാൻജോ സുനിൽ**
സെക്രട്ടറി, എം.സി.വൈ.എം., സഭാതല സമിതി

**കാ**ലങ്ങളേറെ പിന്നിട്ടിട്ടും കാലത്തിനൊപ്പം ഇന്നും ജീവിക്കുന്ന പ്രത്യാശയോടെ മാലാഖ വി. മോനിക്കാ. അമ്മ എന്ന രണ്ടക്ഷരം ജീവിതം കൊണ്ട് ജീവനേകി സ്വർഗീയാരാമത്തിൽ പറന്നേറിയവൾ. ആഫ്രിക്കയിലെ കാർത്തേജിൽ ജന്മംകൊണ്ട് ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചെങ്കിലും, വിവാഹം ഒരു വിജാതീയനായ പട്രീഷ്യസിനോടൊപ്പമായതിനാൽ സഹനത്തിന്റെ പടവുകളേറിയ നാളുകളായി മാറി. എങ്കിലും തന്റെ സന്മാതൃകയും സ്നേഹവായ്പും വഴി ഭർത്താവിനെ ക്രിസ്തീയ വിശ്വാസത്തിലേക്ക് ആകർഷിക്കാൻ ശ്രമിച്ചു. കോപിഷ്ഠനായ ഭർത്താവിനെ സഹിക്കുകയല്ലാതെ അദ്ദേഹത്തോട് കോപിച്ചിട്ടില്ല. ക്ഷമയുടെ മാലാഖയായി മാറിക്കൊണ്ട് ഈശോയുടെ മകനായി മാറ്റുവാൻ മോനിക്കായ്ക്ക് സാധിച്ചു.


രണ്ട് ആൺമക്കളുടെ അമ്മയായ മോനിക്കാ, അഗസ്റ്റിൻ എന്ന മകന്റെ കുത്തഴിഞ്ഞ ജീവിതം ഹൃദയതാളം തെറ്റിച്ചെങ്കിലും ക്ഷമ കൈവിടാതെ പ്രാർത്ഥനയിൽ ശരണം പ്രാപിച്ചു. “നീ ചെയ്യുന്നതു പോലെ തുടരുക. ഇത്രയേറെ കണ്ണുനീരിൽ നിന്റെ മകൻ നശിക്കുക അസാധ്യമാണ്” എന്ന ഒരു മെത്രാന്റെ ഉപദേശം ആ അമ്മയിൽ ഏറെ പ്രതീക്ഷകളുടെ പൊൻനാളം തെളിയിച്ചു.



കണ്ണുനീരോടെയുള്ള ദീർഘനാളുകളുടെ പ്രാർത്ഥന മകന്റെ മാനസാന്തരത്തിന് വഴി തെളിച്ചു. “ഈ ശരീരം നിങ്ങൾ എവിടെയെങ്കിലും വച്ചപകൊള്ളുക. ഒരു കാര്യം മാത്രം ചെയ്താൽ മതി. നിങ്ങൾ എവിടെയായിരുന്നാലും ബലിപീഠത്തിൽ എന്നെ അനുസ്മരിക്കുവിൻ.”

ജീവിതം പ്രത്യാശയോടെ നേരിട്ട മാലാഖ, ജീവിത പങ്കാളിയെയും മകനെയും വിശുദ്ധ ജീവിതത്തിലേക്ക് നയിച്ച മൺചിരാത്. ക്ഷമ കൊണ്ട് ജീവിതം ആസ്വദിച്ചവൾ. പ്രാർത്ഥനയുടെ നാളമായി മാറിയ ജീവിതം വിശുദ്ധമല്ലാതെ മറ്റെന്താണ്. കൊറോണയുടെ ഈ നാളുകളിൽ നാം സ്വന്തമാക്കേണ്ട ഒരു ജീവിതമാണ് വി. മോനിക്കായുടെ പ്രത്യാശയുടെ ജീവിതം. താളംതെറ്റിയ ലോകത്തിൽ, പ്രതീക്ഷകളറ്റ്, ചിറകുകളറ്റ് ജീവനുവേണ്ടി പിടയുന്ന പക്ഷികളെ പോലെ ലോക ജനത മുന്നേറുമ്പോൾ ക്ഷമയോടെ പ്രാർത്ഥനയുടെ കരങ്ങളുയർത്തി, ഹൃദയവാതിലുകളെ തുറന്നിടാം. കുരിശോളം വലുതാകുവാൻ സ്നേഹത്തിൻ നിഴലാകാൻ.

മൺചിരാതിലെ പ്രത്യാശയുടെ ദീപനാളമാണ് വി. മോനിക്ക. ചിരാതുടയാതെ, എണ്ണ വറ്റാതെ കരിന്തിരി കത്താതെ നുറുങ്ങുവെട്ടം മറ്റുള്ളവരിൽ പകരാൻ വി. മോനിക്കയുടെ മാദ്ധ്യസ്ഥം നമുക്കും തേടാം.




**Janet Jithin**
St Joseph's MCC, Ulhasnagar, Mumbai,
Eparchy of St. Ephrem, Khadki- Pune.

'Holy Communion is the shortest and safest way to Heaven. There are others: innocence, but that is for little children; penance, but we are afraid of it; generous endurance of trials of life, but when they come we weep and ask to be. The surest, easiest, shortest way is the Eucharist.'

Pope Pius X is most reminisced for his consistent motivation to receive the Holy Eucharist, particularly by children.

Giuseppe Melchiorre Sarto (1835 - 1914) was the second child of an impo verished Italian family of 10 children. Despite their poverty, his parents, Giovanni Battista Sarto, the village postman, and Margherita Sanson gave much priority to educating their children. Giuseppe used to walk over 6 km to reach his school everyday.

He studied Latin with the village priest and went on to receive a scholarship from the Diocese of Treviso to attend the Seminary of Padua. He completed his philosophical, theological and classical studies with distinction.



He was orda ined a priest on September 18th, 1858 and was appointed chaplain of Tom bolo. In 1867,



when he was the archpriest of Salzano, he restored the church and hospital of the region. He funded these restorations with the money from his own wealth and labour. He spent his time in service of the people. He helped people during the cholera plague in the early 1870s. He made it possible for students of public schools to receive Catechism. He spent his life as a priest and later as a bishop to enable all youth to be able to receive religious instruction, especially the youth who couldn't attend Catholic schools.

He was elected Pope Pius X at the age of 68, on 4th August 1903. He was one of the greatest popes of the 20th century. During the earthquake of Messina in 1908, he opened the Apostolic Palace for refugees and survivors of the earthquake before the government began any action.

The Supreme Pontiff was always conscious of his humble beginnings. He has been quoted saying "I was born poor, I lived poor, I will die poor". Such was his attitude towards wealth and pomp. He was always uncomfortable with the luxury of the papal court and was well known for cutting down on extravagant papal ceremonies. He also refused to use his position as the Pope to gain any favours for his family or even uplift them.

Pope Pius X had a pontificate that followed a conservative theology and brought about reforms in liturgy and church law. *Instaurare Omnia in Christo* which means 'to restore all things in Christ' was the motto of his papacy.

The Holy Father always had a special place in his heart for children. He always carried sweets in his pockets and went about the streets of Mantua and Venice teaching Catechism to the street urchins. He also conducted weekly catechism lessons in the courtyard of San Damaso. All of this stemmed from his desire to reclaim children from religious ignorance.

He was a strong believer in the intercessory powers of Our Mother. 'The Rosary is the most rich in graces of all prayers. It is the prayer that touches most the Heart of the Mother of God.....and if you wish peace to reign in your homes, recite the family rosary.' Such was his faith in the power of our Mother's intercession.

He believed that our Mother's intercession has the power to save us from the eternal fire of hell.


www.malankaralibrary.com

*'What will it cost you, oh Mary, to hear our prayer? What will it cost you to save us? Has not Jesus placed in your hands all the treasures of His grace and mercy? You sit crowned Queen at the right hand of your son: your dominion reaches as far as the heavens and to you are subject the earth and all creatures dwelling thereon. Your dominion reaches even down into the abyss of hell, and you alone, oh Mary, save us from the hands of Satan.'*



Many of Mother Mary's famed Marian images were granted a canonical coronation during Pope Pius X's pontif icate.

He was a strong advocate of the frequent reception of the Holy Eucharist and the Sacrament of Penance. He changed the age at which Holy Comm union could be received from 12 years to 7 years in the year 1910. He wanted to impress upon young minds the import ance of the Holy Eucharist and the unconditional Love of God that reflected through it. Some may go as far as to call him the champion of the Holy Eucharist and this championship earned him the honorific title 'Pope of the Blessed Sacrament'.

The Confraternity of Christian Doctrine (Catechism Class) was established in every parish in the world in the year 1905, based on the instruction received from the Pope in his letter *Acerbo nimis*. The *Catechism of Pius X* was a plain, brief and simple catechism for uniform use throughout the world. It was taught in some Ecclesiastical provinces of Rome and Italy. However, it was never suggested for use throughout the world.

Pope Pius X was always concerned by politics and unfailingly encouraged Italian Catholics to actively participate in the political endeavours of the country.

During his lifetime, he published 16 encyclicals, though none of them was as popular as the ones published by his predecessor Pope Leo XIII.

In 1913, he suffered a heart attack post which he was under the shadow of ill-health. On 15th August 1914, on the Feast of the Assumption, his health took a turn for the worse. The outbreak of World War I (1914-1918) made his suffering even worse. On the 11th anniversary of his election as pope, when Europe was plunged deep into World War I, he said "This is the last affliction the Lord will visit on me. I would gladly give my life

to save my poor children from this ghastly scourge." He died a few weeks after the war began at age 79 on 20th August 1914. He was buried in a simple and unem bellished tomb in a crypt below St. Peter's Basilica.



He was canonised as Saint Pius X in 1954. The miracles leading up to his canonization started even before his death. One such incident was when the Pope was holding a papal audience, he was carrying a crippled boy in his arms, and it is said that the boy wriggled free from his hold and ran about the room. Another incident during his lifetime was the healing of Cardinal Ernesto Ruffini who was diagnosed with tuberculosis. The Pope visited him, asked him to go back to the seminary and told him he would be fine. The Cardinal was completely cured and went on to become the Archbishop of Palermo. He gave his story to the investigators of the Sacred Congregation of Rites (SCR) for the Pope's cause of canonisation.

After his death, devotion to this Vicar of Christ remained high during both the world wars. The first steps towards his canonization began on 14th February 1923, the 20th anniversary of his accession to the papacy. He was beatified as Blessed Pius X on 3rd June 1951 by Pope Pius XII.


Two miracles were recognized by the Sacred Congregation of Rites that led to his Canonization on 29th May 1954 by Pope Pius XII. The first was an advocate named Francesco Belsami from Naples, who was cured of pulmonary abscess by placing an image of His Holiness on his chest. The second was a nun called Sr. Maria Ludovica Scorcia who was completely cured of a severe neurotropic virus after several novenas to the Pope.

Most humans of humble backgrounds are often embarrassed by their modest beginnings. However, Saint Pius X's simple upbringing never stopped him from having faith and believing that every individual deserves to have a personal relationship with God. He obtained his strength, warmth and kindness for people around him from the Spirit of the Lord. He lived his life to help the weak and the wounded people of God and to "restore all things in Christ".

During the course of our constantly evolving life, we are invariably emigrating from one phase of life to the next and in this trying experience on earth, we can always intercede to Saint Pius X, the Patron of Emigrants.

# സഭാതലസമിതി


## കവിതാരചനാ മത്സരം




മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുണ്യമായ പുനരൈക്യ ശിൽപി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമ്മത്തിരുനാൾ ആഘോഷിക്കുന്ന ഈ വേളയിൽ പുണ്യപിതാവിന്റെ അനുസ്മരണാർത്ഥം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ 'ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്' എന്ന വിഷയത്തെ ആസ്പദമാക്കി 'സൂര്യതേജസ്സ്' കവിതാരചന മത്സരം നടത്തപ്പെട്ടു.

## ഫാ. സ്റ്റാൻ സ്വാമി

രാജ്യദ്രോഹകുറ്റം ചുമത്തി ജയിലിൽ അടയ്ക്കപ്പെട്ട ജസ്യൂട്ട് വൈദികൻ ഫാ. സ്റ്റാൻ സ്വാമി, ഏതേതു മൂല്യങ്ങൾക്കുവേണ്ടി നിലകൊണ്ടോ, അതേ മൂല്യങ്ങൾക്കുവേണ്ടി സ്വജീവിതം സമർപ്പിച്ച് അദ്ദേഹം കടന്നുപോയിരിക്കുന്നു. വയോധികനും മനുഷ്യാവകാശപ്രവർത്തകനുമായ ഈ വൈദികന്റെ മേൽ രാജ്യദ്രോഹകുറ്റമാണ് ചുമത്തിയിരുന്നത്. ആദിവാസികളുടെ ഉന്നമനത്തിലൂടെ ദുർബല വിഭാഗങ്ങളെ രാജ്യത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനാണ് അദ്ദേഹം ശ്രമിച്ചിരുന്നത്. തന്റെ നിരപരാധിത്വം തെളിയിക്കുവാൻ നടത്തിയ നിയമപോരാട്ടം പൂർത്തിയാകുന്നതിന് മുൻപ് അദ്ദേഹം യാത്രയാകുന്നത് നിയമവ്യവസ്ഥയിൽ വിശ്വസിക്കുന്ന സമൂഹത്തിന് വേദന ഉളവാക്കുന്നു. ഒരു യഥാർത്ഥ ക്രിസ്തു




ശിഷ്യൻ തന്റെ ജീവൻ ബലിയായ് നൽകി തന്റെ ദൗത്യം പൂർത്തിയാക്കി ദൈവസന്നിധിയിലേക്ക് യാത്രയാകുന്നു. പീഡിതരുടെ, നിസ്സഹായരുടെ, നീതി നിഷേധിക്കപ്പെട്ടവരുടെ ശബ്ദം നിശ്ശബ്ദമായി!

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. ജൂലൈ 6-ാം തീയതി വൈകുന്നേരം 6 മണിക്ക് ദൈവാലയങ്ങളിലും നാം ആയിരുന്ന ഇടങ്ങളിലും മെഴുകുതിരി കത്തിച്ച് വന്ദ്യ പുരോഹിതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു.

## ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അനുസ്മരണം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര ആരംഭിക്കുന്ന റാന്നി-പെരുനാട് ദൈവാലയത്തിന്റെ വികാരി റവ. ഫാ. ബെന്നി നാരകത്തിനാൽ റാന്നി-പെരുനാട് കുരിശുമല തീർത്ഥാടന ദൈവാലയത്തെക്കുറിച്ചും അവിടുത്തെ ശുശ്രൂഷകളെക്കുറിച്ചും എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ പങ്കുവച്ചു.

# വാർത്തകൾ



മലങ്കര സഭയുടെ ശാശ്വത സമാധാനത്തിനായി ആദ്ധ്യാത്മികതയെ മുറുകെ പിടിച്ച് ദൈവസമ്പാദനത്തിനായി സ്വയം സമർപ്പിച്ചിരിക്കുന്ന ഒരു കൂട്ടം സന്യാസികൾ ആവശ്യമാണെന്ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തിരിച്ചറിഞ്ഞ് റാന്നി-പെരുനാട്ടിലെ മുണ്ടൻമലയിലേക്ക് കടന്നുവന്ന് വർണ്ണശാല കെട്ടി അവിടെ ബഥനി ആശ്രമം സ്ഥാപിച്ചു. പെരുനാട് ബഥനി ആശ്രമത്തിൽ നിലവിൽ 12 വൈദികർ വിവിധ ശുശ്രൂഷകൾ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമം സ്ഥാപിച്ചത് മലങ്കര സഭയുടെ ശാശ്വത സമാധാനത്തിനും ആദ്ധ്യാത്മികമായ ഉന്നമനത്തിനും വേണ്ടിയാണ്. ബഥനി ആശ്രമത്തെ കുറിച്ച് 2021 ജൂലൈ 11 -ാം തീയതി റവ. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെ പങ്കുവച്ചു.






മലങ്കരയുടെ പുണ്യമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ കണ്ടിട്ടുള്ള ഓർമ്മകൾ പത്തനംതിട്ട രൂപതയുടെ ബഥനി പ്രൊവിൻഷ്യൽ ഹൗസിലെ സിസ്റ്റർ സ്റ്റെഫാന എസ്.ഐ.സി.യും സിസ്റ്റർ ഹക്കിം എസ്.ഐ.സി.യും എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും പങ്കുവച്ചു.



ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ തന്റെ ചെറുപ്പത്തിൽ നേരിട്ട് കണ്ട ഓർമ്മകളും അനുഭവങ്ങളും തിരുവല്ല അതിഭദ്രാസനത്തിലെ ബഥാനിയായിൽ വിശ്രമ ജീവിതം നയിക്കുന്ന സിസ്റ്റർ സോഫിയാ എസ്.ഐ.സി., എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും പങ്കുവച്ചു.



ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ നേരിട്ട് കാണുകയും അനുഗ്രഹം സ്വീകരിക്കുകയും ചെയ്ത അനുഭവങ്ങൾ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഗീവർഗീസ് മാർ തീമോത്തിയോസ് പിതാവിന്റെ സഹോദരി, തിരുവല്ല അതിരൂപത ബഥാനിയായിൽ വിശ്രമജീവിതം നയിക്കുന്ന സിസ്റ്റർ ജയിൻ എസ്.ഐ.സി., എം.സി. വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും പങ്കുവച്ചു.



ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള ആദ്യ പദയാത്രിക- സിസ്റ്റർ സഖിയ എസ്.ഐ.സി. മാർ ഈവാനിയോസ് പിതാവിൽ നിന്ന് ആദ്യ വിശുദ്ധ കുർ


www.malankaralibrary.com

ബാന സ്വീകരിക്കാൻ സ്വർഗ്ഗമനുഗ്രഹിച്ച സിസ്റ്റർ, ദൈവദാസനെ നേരിട്ട് കണ്ട അനുഭവങ്ങൾ വികാര നിർഭരമായി എം.സി. വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും പങ്കുവച്ചു.



ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യ ദർശനത്തിൽ ആകൃഷ്ടനായി ഓർത്തഡോക്സ് സഭയിൽ നിന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേക്ക് കടന്നുവന്ന വൈദികനാണ് വന്ദ്യനായ കുമ്പഴ അച്ചൻ. 1930 ൽ തന്നെ പുനരൈക്യ പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന കുമ്പഴ അച്ചൻ തന്റെ തീക്ഷ്ണമായ പ്രവർത്തനത്തിലൂടെ അനേകം ഇടവക സമൂഹങ്ങൾക്ക് രൂപം നൽകി. അനേകം മക്കളെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേക്ക് കൂട്ടികൊണ്ടുവന്നു. ആ പൈതൃകം പിൻതുടരുന്ന വന്ദ്യനായ കുമ്പഴ അച്ചന്റെ മകൾ സിസ്റ്റർ ഫിലോമിന എസ്.ഐ.സി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും പങ്കുവച്ചു.


## പുണ്യമീജീവിതം

മലങ്കരയുടെ പുണ്യമായ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവഴികളിലൂടെ....




കൂനൻ കുരിശിലെ ആലാത്തുകളെ സത്യാന്വേഷണം കൊണ്ടും കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന കൊണ്ടും പൊട്ടിച്ചെറിഞ്ഞ ധീരനായ സത്യാന്വേഷി, പുനരൈക്യ പ്രസ്ഥാനത്തിന്റെ സാരഥി, മലങ്കരയുടെ പുണ്യമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നാൾവഴികളിലൂടെ, 2021 ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ്, തിരുവല്ല അതിഭദ്രാസനത്തിന്റെ മുഖ്യ വികാരി ജനറൽ റവ. മോൺ. ചെറിയാൻ താഴമൺ, ബഥനി നവജ്യോതി പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന വെരി റവ. ഡോ. ജോസ് മരിയദാസ് ഒ.ഐ.സി., സഭയുടെ സുവിശേഷ സംഘം ഡയറക്ടർ റവ. ഫാ. ഡോ. ആന്റണി കാക്കനാട്ട്, സെമിനാരി പ്രൊഫസർ റവ. ഫാ. ജോസഫ് വള്ളിയാട്ട്, എം.സി.വൈ.എം. തിരുവനന്തപുരം വൈദികജില്ല ഡയറക്ടറായ ഫാ. ഡോ. ജോൺ കുറ്റിയിൽ, സെമിനാരി പ്രൊഫസർ റവ. ഫാ. ഡോ. ജോളി കരിമ്പിൽ എന്നിവർ വൈകുന്നേരം 6 മണിക്ക് എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും പുണ്യപിതാവിന്റെ വിവിധ ചിന്തകൾ പങ്കുവച്ചു.

## തീർത്ഥയാത്രാ അനുഭവ സാക്ഷ്യങ്ങൾ




മലങ്കരയുടെ പുണ്യമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേയ്ക്കുള്ള തീർത്ഥയാത്രാ അനുഭവ സാക്ഷ്യങ്ങൾ ജൂലൈ 5, 6, 7 ദിവസങ്ങളിൽ വൈകുന്നേരം 8:30 ന് എം.സി. വൈ. എം. ക്ലബ് ഹൗസ് പ്ലാറ്റ്ഫോമിലൂടെ യുവജനങ്ങൾ പങ്കുവച്ചു.

## പുണ്യമീജീവിതം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായും സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും 2020 ജൂലൈ 1 മുതൽ



14 വരെയുള്ള ദിവസങ്ങളിൽ എം.സി.വൈ.എം. ന് നൽകിയ പ്രഭാഷണപരമ്പരയായ 'പുണ്യമീജീവിതം'- ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങൾ, ഒരു പുസ്തകസമാഹാരമായി പുണ്യപിതാവിന്റെ 68-ാം ഓർമ്മത്തിരുനാൾ ദിനമായ 2021 ജൂലൈ 15 ന് തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ്, സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ സാന്നിധ്യത്തിൽ മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന് നൽകി പ്രകാശനം ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും, എം.സി.വൈ.എം. സഭാതല സമിതി പ്രസിഡന്റ് ശ്രീ. ജിത്ത് ജോൺ ഫ്രാൻസിസും സന്നിഹിതരായിരുന്നു.

## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### ഇവാനിയൻ പ്രയർ

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അറുപത്തിയെട്ടാമത് ഓർമ്മത്തിരുനാളിനോടനുബന്ധിച്ച് ജൂലൈ 1 മുതൽ 15 വരെ രാത്രി 7.30 ന് ഓൺലൈൻ ഇവാനിയൻ പ്രയർ നടത്തപ്പെട്ടു. മുൻകാല ഭാരവാഹികൾ മാർ ഈവാനിയോസ് പിതാവിനെ കുറിച്ചുള്ള ചിന്തകളും പദയാത്ര അനുഭവങ്ങളും സാക്ഷ്യങ്ങളും പങ്കുവച്ചു.



### യാത്രയയപ്പും സ്വീകരണവും



എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആനിമേറ്ററായി ശുശ്രൂഷ ചെയ്ത സിസ്റ്റർ ജർമയിൻ ജേക്കബ് ഡി എമ്മിന് യാത്രയയപ്പും പുതിയ ആനിമേറ്റർ സിസ്റ്റർ ദിവ്യ ജോസ് ഡി എമ്മിന് സ്വീകരണവും നൽകി.

ജൂലൈ മാസം ഒന്നാം തീയതി പട്ടം സമന്വയ പാസ്റ്റർ സെന്ററിൽ വച്ച് നടന്ന മീറ്റിംഗിൽ ഡയറക്ടർ ഫാ. അരുൺ ഏറത്ത്, ജനറൽ സെക്രട്ടറി ലിജു ബാബു കോട്ടവട്ടം, ട്രഷറർ ജിജു ജസ്റ്റിൻ കോഴിയോട്, വൈസ് പ്രസിഡണ്ടുമാരായ നിഖിൽ ജാക്സൺ, ഷാരോൺ കെ. റെജി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

### കോവിഡ് കോൾ സെന്റർ

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ സോഷ്യൽ സർവീസ് സൊസൈറ്റിയായ എം.എസ്. എസ്.എസ്സിനോട് ചേർന്നു 30 യുവജനങ്ങളെ ഉൾപ്പെടുത്തി കോവിഡ് കോൾ സെന്റർ രൂപീകരിച്ചു.

കോവിഡ് ബാധിത കുടുംബങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും അവരെ മാനസികമായി ധൈര്യപ്പെടുത്താനും എങ്ങനെ പ്രവർത്തിക്കണം എന്നതിനെക്കുറിച്ചു ജൂലൈ 7 ന് ഓൺലൈൻ ക്ലാസ്സ് നടത്തപ്പെടുകയും ചെയ്തു.

### ദിവ്യബലിയർപ്പണം




www.malankaralibrary.com

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ അറുപത്തിയെട്ടാമത് ഓർമപ്പെരുനാളിനോടനുബന്ധിച്ച് ജൂലൈ 10 ശനിയാഴ്ച രാവിലെ 9 മണിക്ക് പട്ടം കബറിങ്കലിൽ തിരുവനന്തപുരം മേജർ അതി ഭദ്രാസന സമിതി അംഗങ്ങൾ ഒരുമിച്ചുകൂടി ദിവ്യബലിയർപ്പിച്ചു. ഡയറക്ടർ ഫാ. അരുൺ ഏറത്ത് മുഖ്യ കാർമ്മികനായിരുന്നു. യുവജനങ്ങൾ ഓൺലൈനായി വിശുദ്ധ കുർബാനയിൽ പങ്കെടുത്തു. കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തുകയും ചെയ്തു

## ദിവ്യബലിയർപ്പണം-റാന്നി പെരുനാട്



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുണ്യപിതാവും ഭാഗ്യസ്മരണാർഹനുമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമ്മ തിരുന്നാളിനോടനുബന്ധിച്ചു എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ പ്രതിനിധികൾ, ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. അരുൺ ഏറത്തിന്റെ നേതൃത്വത്തിൽ പിതാവിന്റെ പാവനസ്മരണകൾ നിലനിൽക്കുന്ന പെരുനാട് കുരിശുമല തീർത്ഥാടന ദൈവാലയം സന്ദർശിക്കുകയും, പത്തനംതിട്ട രൂപതാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിനോട് ചേർന്ന് ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

## മാർ ഈവാനിയോസ് ദിന അനുസ്മരണം

മാർ ഈവാനിയോസ് പിതാവിന്റെ അറുപത്തിയെട്ടാമത് ഓർമപ്പെരുനാളിനോടനുബന്ധിച്ച് ജൂലൈ 15 വ്യാഴാഴ്ച രാത്രി 7.30 ന് മാർ ഈവാനിയോസ് അനുസ്മരണസമ്മേളനവും ഇവാനിയൻ പ്രയറിന്റെ ഔദ്യോഗിക സമാപനവും നടത്തപ്പെട്ടു. യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവ് വിശിഷ്ടാതിഥിയായിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസന മുഖ്യവികാരി ജനറലും മോൺസിഞ്ഞോറുമായ മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പ അന്നേദിവസം സന്ദേശം നൽകി. യുവജനങ്ങൾ ഓൺലൈനായി പങ്കെടുത്തു.

## അർദ്ധവാർഷിക സെനറ്റ് സമ്മേളനം



എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം 2021 ജൂലൈ 20 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് അഞ്ചൽ വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ അഞ്ചൽ സെന്റ് ജോൺസ് സ്കൂളിൽ വച്ച് നടത്തി.

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മുൻകാല ഡയറക്ടറും അഞ്ചൽ വൈദികജില്ലാ വികാരിയുമായ വെരി റവ. ഫാ. ബോവാസ് മാത്യു മേലൂട്ട് സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റ് ജെറിൻ മാത്യു പുതുവീട്ടിൽ, ഡയറക്ടർ ഫാ. അരുൺ ഏറത്ത്, ഫാ. ബോവസ് മാത്യു മേലൂട്ട്, അഞ്ചൽ വൈദിക ജില്ല ഡയറക്ടർ ഫാ. മാത്യു ചരിവുകാലായിൽ, ജില്ലാ പ്രസിഡന്റ് ലയ മറിയം രാജു, കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് റോഷ്ന മറിയം ഈപ്പൻ, ട്രഷറർ ജിജു ജസ്റ്റിൻ കോഴിയോട് തുടങ്ങിയവർ സംസാരിച്ചു.

## ബത്തേരി ഭദ്രാസനം

## പഠന കിറ്റ് വിതരണം


എം.സി.വൈ.എം. ബത്തേരി രൂപതയുടെ നേതൃത്വത്തിൽ രൂപതയിലെ സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന വിദ്യാർഥികളെ സഹായിക്കുന്നതിനായി 100 രൂപ ചലഞ്ച് വഴി പഠന കിറ്റ് വിതരണം നടത്തി. പഠന കിറ്റ് വിതരണ ഉദ്ഘാടനം ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവ് 2021 ജൂലൈ 7 വ്യാഴാഴ്ച്ച വൈകിട്ട് മൂന്ന് മണിക്ക് വയനാട് ജില്ലാ വൈസ് പ്രസിഡണ്ട് ശ്രീമതി ബിന്ദു എസ്, മുള്ളൻകൊല്ലി വാർഡ് മെമ്പർ ശ്രീമതി മിനി, എം.സി.വൈ.എം. ബത്തേരി



ഡയറക്ടർ ഫാ. സാമുവൽ ജോർജ് ഒ.ഐ.സി., എം. സി.വൈ.എം. ബത്തേരി രൂപതാ ഭാരവാഹികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ബത്തേരി രൂപത ബിഷപ്പ് ഹൗസിൽ വച്ച് കൽപറ്റ മേഖല പ്രസിഡന്റ് ജിന്റോ, പുൽപ്പള്ളി മേഖല പ്രസിഡന്റ് ഡെറിൻ എന്നി വർക്ക് നൽകി ഉദ്ഘാടനം ചെയ്തു.

## ഈവാനിയ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്ഥാപകനും പുനരൈക്യ ശിൽപിയുമായ ദൈവദാ സൻ മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമ്മ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെ ജീവിതവഴികളെക്കുറിച്ച് കൂടുതലായി അറിയുന്ന തിനും പിതാവിന്റെ യുവജന ദർശനത്തെ കൂടുതൽ മനസ്സിലാക്കുന്നതിനുമായി വെബിനാർ സംഘടി പ്പിച്ചു. ബഥനി ആശ്രമം സുപ്പീരിയർ ജനറൽ റവ. ഡോ. ഫാ. മത്തായി കടവിൽ ഒ.ഐ.സി. നയിച്ച വെബിനാ റിൽ രൂപതയിൽ നിന്നും എഴുപതോളം യുവജനങ്ങൾ പങ്കെടുത്തു.




## ഇന്ധന വിലവർധനയിൽ പ്രതിഷേധം



ഇന്ധന വിലവർദ്ധനയിൽ പ്രതിഷേധിച്ച് എം. സി.വൈ.എം. ബത്തേരി രൂപതയിലെ യുവജനങ്ങൾ ഹെൽമെറ്റ് ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഫോട്ടോ സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ചുകൊണ്ട് ശക്ത മായ പ്രതിഷേധം രേഖപ്പെടുത്തി.

## രക്തദാന ക്യാമ്പ്

ലോക രക്തദാന ദിനത്തോടനുബന്ധിച്ച് എം. സി.വൈ.എം. ബത്തേരി രൂപത, രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ ശ്രേയസ്സുമായി സഹ കരിച്ച് രക്തദാന ക്യാമ്പ് നടത്തി. 35 യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പ്, ബത്തേരി രൂപതാധ്യക്ഷൻ അഭി വന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവ് ഉദ്ഘാ ടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജിബി ഏറിയാസ് അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. സാമു വൽ ജോർജ്ജ് OIC, അസിസ്റ്റന്റ് ഡയറക്ടർ എബ്ര ഹാം ആശാരിപറമ്പിൽ, രൂപത ഭാരവാഹികൾ, മേഖല, യൂണിറ്റ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



## മാവേലിക്കര ഭദ്രാസനം

### ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമത്തിരുനാൾ

ദൈവദാസൻ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് പിതാവിന്റെ 68-ാമത് ഓർമത്തിരുനാളിനോടുബന്ധിച്ച് 2021 ജൂലൈ മാസം 8-ാം തീയതി മുതൽ ജൂലൈ മാസം 15-ാം തീയതി വരെ പിതാവിന്റെ ഓർമത്തിരുനാൾ ഭക്ത്യാദരപൂർവം കൊണ്ടാടി. വന്ദ്യ റെബേര അച്ചന്റെ കബറിടത്തിലും, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഇടവക പള്ളിയായ മാവേലിക്കര പുതിയകാവ് ദൈവാലയത്തിലും, ദൈവദാസൻ




മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലും, പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ കൊല്ലം തങ്കശ്ശേരി അരമന ചാപ്പലിലും വി. കുർബാനയും ധൂപ പ്രാർത്ഥനയും മാവേലിക്കര രൂപതാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു. എം.സി.വൈ.എം ഭദ്രാസന ഡയറക്ടർ ഫാ. ഡെന്നീസ് മുകുളംപുറത്തും ജില്ലാ ഡയറക്ടറച്ചൻമാരും രൂപതാ ഭാരവാഹികളും ജില്ലാ ഭാരവാഹികളും സന്നിഹിതരായിരുന്നു.

### പദയാത്ര പാതയോരങ്ങളിൽ




എം.സി.വൈ.എം. ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ 2021 ജൂലൈ മാസം ഏട്ടാം തീയതി 'പദയാത്ര പാദയോരങ്ങളിൽ' എന്ന പ്രോഗ്രാം മാവേലിക്കര ഭദ്രാസനാധ്യക്ഷൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ഉദ്ഘാടനം ചെയ്യുകയും, ജൂലൈ മാസം 9-ാം തീയതി മുതൽ 14 -ാം തീയതി വരെ പദയാത്ര കടന്നുപോയിരുന്ന വഴികളിൽ ഉച്ചസമയത്ത് വൈദിക ജില്ലകളുടെയും, സുമനസ്സുകളുടെയും സഹായത്താലും രൂപതാ സമിതിയുടെ നേതൃത്വത്തിലും പൊതിച്ചോർ വിതരണം നടത്തപ്പെട്ടു.

## കോവിഡ് ടാസ്ക് ഫോഴ്സ്



എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന കോവിഡ് ടാസ്ക് ഫോഴ്സിന്റെ സാനിറ്റേഷൻ ഉപകരണങ്ങളുടെയും നോട്ട്ബുക്ക് ചലഞ്ചിന്റെയും ഡാറ്റാ റീചാർജിങ് ചലഞ്ചിന്റെയും ഉദ്ഘാടനം കായംകുളം ചേതന ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയിൽ വച്ച് അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് നിർവഹിച്ചു. അന്നേദിവസം സമിതിയുടെ ആഭിമുഖ്യത്തിൽ കായംകുളം കെ.എസ്.ആർ. ടി.സി. ബസ് സ്റ്റാന്റും അതിന്റെ ഓഫീസ് മുറികളും സാനിറ്റൈസ് ചെയ്തു നല്കി. ചേതന ഡയറക്ടർ ഫാ. ലൂക്കോസ് കന്നിമേൽ, എം.സി.വൈ.എം ഡയറക്ടർ ഫാ. ഡെന്നീസ് മുകുളംപുറത്ത്, രൂപതയിലെ വന്ദ്യ വൈദികർ, എം.സി.വൈ.എം. രൂപതാ ഭാരവാഹികൾ, രാഷ്ട്രീയ സാമുദായിക നേതാക്കൻമാർ തുടങ്ങിവർ സന്നിഹിതരായിരുന്നു.

## പത്തനംതിട്ട ഭദ്രാസനം

### നാമഹേതുക തിരുനാൾ ആശംസകൾ

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവിന് ഭദ്രാസന യുവജന കുടുംബത്തിന്റെ ആശംസകൾ നേർന്നു. ഭദ്രാസന ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജില്ലാ ഡയറക്ടർ അച്ചൻമാർ എന്നിവർ സന്നിഹിതരായിരുന്നു.



## IVANIAN TALKS

ദൈവദാസൻ ആർച്ച് ബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമത്തിരുന്നാളിനോടനുബന്ധിച്ച് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2021 ജൂൺ 30ന് വൈകുന്നേരം 7.00 മണിക്ക് അനുസ്മരണം നടത്തപ്പെട്ടു. ഗൂഗിൾ മീറ്റ് വഴി നടത്തപ്പെട്ട യോഗത്തിൽ പല സമയങ്ങളിലായി 180 ൽ പരം യുവജനങ്ങൾ പങ്കെടുക്കുകയുണ്ടായി.



## ആദരവ്




കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ഏറ്റവും വലിയ ഛായാചിത്രം കാപ്പിപ്പൊടിയിൽ തീർത്ത് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയ പത്തനംതിട്ട വൈദികജില്ലയിലെ എം.സി. വൈ.എം. തോട്ടുപുറം യൂണിറ്റ് അംഗം മിലൻ മോൻ സിക്ക് പത്തനംതിട്ട ഭദ്രാസന സമിതിയുടെ ആദരവ് നൽകി.

## Ed-Youth Scholarship

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ കർമ്മപരിപാടിയായ എഡ്-യൂത്ത് വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണത്തിന്റെ ഭാഗമായി, സ്കോളർഷിപ്പ് തുകയുടെ വിതരണോത്ഘാടനം നിർവഹിക്കുന്നതിനു ഭദ്രാസന വൈസ് പ്രസിഡന്റ് അലീന എലിസബത്ത് മാത്യു പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ്



പിതാവിനു കൈമാറുകയും, അഭിവന്ദ്യ പിതാവ് അർഹരായ വിദ്യാർത്ഥികൾക്ക് തുക നൽകുകയും ചെയ്തു.




## Youth Retreat

'പ്രാർത്ഥനയിൽ അധിഷ്ഠിതമായ യുവജന സഭ' എന്ന ലക്ഷ്യവുമായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യുവജന ധ്യാനം നടത്തപ്പെട്ടു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി മുന്നൂറോളം പേർ ഈ ശുശ്രൂഷയുടെ ഭാഗമായി.

യുവജന ധ്യാനത്തിന് ശേഷം ദിവ്യകാരുണ്യ ആരാധന നടത്തപ്പെടുകയും തുടർന്ന് ഫാ. സ്റ്റാൻ സ്വാമിയുടെ ഓർമ്മകൾക്കു മുൻപിൽ ബാഷ്പാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ധൂപപ്രാർത്ഥന നടത്തുകയും യുവജനങ്ങൾ ഓൺലൈൻ വഴി തന്നെ ഭക്തിപൂർവ്വം പ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തു.

യുവജന ധ്യാനത്തിന് പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ സന്ദേശം നൽകി. യുവജന ധ്യാനം ഫാ. ജിനു പള്ളിപ്പാട്ട് നയിച്ചു, ദിവ്യകാരുണ്യ ആരാധനയ്ക്കും ധൂപപ്രാർത്ഥനയ്ക്കും ഫാ. ജിനു കൂടത്തിനാൽ നേതൃത്വം നൽകി.


www.malankaralibrary.com

## മൂവാറ്റുപുഴ ഭദ്രാസനം

### മാർ ഈവാനിയോസ് ദിനാചരണം




ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മത്തിരുനാൾ എം.സി.വൈ.എം. മൂവാറ്റുപുഴ രൂപത ഓൺലൈനായി ആഘോഷിച്ചു. രൂപത പ്രസിഡന്റ് ശ്രീ. റിജോ ജോൺസൻ അധ്യക്ഷനായിരുന്ന പൊതുസമ്മേളനം രൂപതാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തിയഡോഷ്യസ് പിതാവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് മുൻ സഭാതല വൈസ് പ്രസിഡന്റ് കുമാരി രഞ്ജിത ആർ. ജെ. അനുസ്മരണ പ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ഫാ. കുര്യാക്കോസ് കരുത്തേടത്, സിസ്റ്റർ സ്മിത എസ്. ഐ.സി., ഫാ. ആൽബിൻ കുടിലിൽ, മേഖല, യൂണിറ്റ് ഡയറക്ടർമാർ, രൂപതാ എം.സി.വൈ.എം., എം.സി.എ. അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു

### ഇവാനിയൻ സ്പന്ദനം

എം.സി.വൈ.എം. മൂവാറ്റുപുഴ രൂപതാ സമിതിയുടെ നേതൃത്വത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ ഓർമത്തിരുനാളിനോടനുബന്ധിച്ച് ഓൺലൈൻ പ്രസംഗമത്സരവും ക്വിസ്സ് മത്സരവും നടത്തപ്പെട്ടു.






## പാറശ്ശാല ഭദ്രാസനം

### ഓർമപ്പെരുനാൾ



ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമപ്പെരുനാളിനോടനുബന്ധിച്ച് എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ജൂലൈ 12 തിങ്കളാഴ്ച രാവിലെ 8.30 ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വി. കുർബാനയും തുടർന്ന് കബറിങ്കൽ ധൂപ പ്രാർത്ഥനയയും നടത്തി.

ജൂലൈ 15 വ്യാഴാഴ്ച്ച രാവിലെ 10.00 മണിക്ക് പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വി. കുർബാനയും തുടർന്ന് ധൂപപ്രാർത്ഥനയും നടത്തപ്പെട്ടു. ശുശ്രൂഷകൾക്ക് ജില്ലാ ഡയറക്ടർമാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ജില്ലയിൽ നിന്നുള്ള പ്രതിനിധികൾ, ഭദ്രാസന ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.



## Diocese of Pune-Khadki

### Gurudhvani

Gurudhvani was an initiative by the Commission for Youth during the 68th commemoration of Servant of God, Archbishop Geevarghese Mar Ivanios. A series of videos were presented by various eminent speakers covering Ivanian ideals, achievements and life history. The videos were shared via The Ephremite YouTube channel from 1st July to 15th July.

Speakers for this program: Most Rev. Dr. Thomas Mar Anthonios, Most Rev. Dr. Thomas Mar Eusebius, Most Rev. Dr. Joseph Mar Thomas, Rev. Fr. Dr. John Padipura ckal, Fr. Dr. Jolly Karimpil, Rev. Fr. Mathew Praful OIC, Rev. Sr. Dr. Jocleyn SIC, Rev. Fr. Jigmy Thomas, Rev. Sr. Dr. Namitha SIC, Rev. Sr. Dr. Sandra SIC, MCYM & Rev. Father & Rev. Sisters and Youth Commission of our Eparchy.

## Mumbai Region

### Tug of Words - 27 June 2021

MCYM Mumbai organized the second season of debate competition named 'Tug - Of - Words' on 27th June 2021. A total of 7 teams from Mumbai region participated in the event. Three eminent jury validated the event. The event was conducted on Zoom platform and was live streamed on other social media platforms. After few rounds of amazing debate, a joint team of Ulhasnagar - Dom bivali was declared as the winners of the event and Sakinaka - BARC became the first runners up.

*Design & Layout : Syam Chowara, Nia Graphics, TVM. Ph : 9747 044 811*

www.malankaralibrary.com